കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കുടാളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് –2015-2016

# ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി9/1977/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ.മെയിൽ-lfaddistofficeknr@gmail.com

ഫോൺ: 0497-2707698

തിയ്യതി : 06.01.2017.

ഡെപ്യൂട്ടി ഡയറക്ടർ.

ൃ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

കുടാളി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- കുടാളി ഗ്രാമപഞ്ചായത്ത് -2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടാളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

PVP

നം.കെ.എസ്.എ/കെ.എൻ.ആർ./സി9/1977/2016.

തീയതി : 06.01.2017.

# കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

ആമുഖം

കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-10-2016 മുതൽ 01-11-2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.ജയരാജൻ കെ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | ശ്രീ.വിനീത് കുമാർ കെ. പി. | അസി.ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 3 | ശ്രീമതി.റീന പിട്ടൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി.വനജ മാടത്താൻകണ്ടി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബി.സീന പ്രദീപ്<br>ശ്രീ. പി. പി. നൗഫൽ | 01-04-2015 മുതൽ 31-10-2015 വരെ<br>19-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.ഇബ്രാഹിം എൻ.യു. | 01-04-2015 മുതൽ 31-03-2016 വരെ |

സ.ഉ.(അ)നം.324/2015/തസ്വഭവ തീയതി 20.10.2015 ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട താഴെ കൊടുത്തവർ ഉൾപ്പെട്ട പ്രത്യേക കമ്മറ്റിക്കായിരുന്നു 01.11.2015 മുതൽ 11.11.2015 വരെ ഭരണനിർവ്വഹണ ചുമതല.

(1) ശ്രീ.എൻ.യു. ഇബ്രാഹിം

(2) ശ്രീ.കെ.പി. വിനോദ് കുമാർ, കൃഷി ഓഫീസർ

(3) ശ്രീമതി.ശോഭന പി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | ശ്രീമതി. അഷിത എം.ആർ. | 01-04-2015<br>20-05-2015 | 17-04-2015<br>10-06-2015 |
| | | ശ്രീ. ജയൻ ടി. വി. | 18-04-2015 | 19-05-2015 |
| | | ശ്രീ. നാരായണൻ പി. | 11-06-2015 | 19-08-2015 |
| | | ശ്രീ. വിനോദ് കുമാർ കെ.പി. | 20-08-2015 | 31-03-2016 |
| 2 | വി.ഇ.ഒ | ശ്രീമതി. സീമ ഇ. | 01-04-2015 | 31-03-2016 |

| | | | | |
|---|---|---|---|---|
| | (കൂടാളി സർക്കിൾ) | | | |
| 3 | വെറ്ററിനറി സർജൻ | ശ്രീ. അനിൽ കമാർ കെ.പി. | 01-04-2015 | 31-01-2016 |
| | | ശ്രീ. എസ്. മഗേഷ് | 01-02-2016 | 31-03-2016 |
| 4 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സോന ബി നായർ | 01-04-2015 | 31-03-2016 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീമതി. സുജ ജി നായർ | 01-04-2015<br>27-05-2015 | 26-04-2015<br>31-03-2016 |
| | | ശ്രീ. രാമചന്ദ്രൻ എ. | 27-04-2015 | 26-05-2015 |
| 6 | മെഡിക്കൽ ഓഫീസർ (ജി എച്ച് ഡി) | ശ്രീ. സുനിൽരാജ് ആർ. | 01-04-2015<br>30-11-2015 | 20-11-2015<br>31-03-2016 |
| | | ശ്രീ. ഹരീഷ് കൃഷ്ണൻ ടി. പി. | 21-11-2015 | 29-11-2015 |
| 7 | അസി. എഞ്ചിനീയർ | ശ്രീ.കെ. കെ. പ്രകാശൻ | 01-04-2015<br>16-04-2015 | 05-04-2015<br>22-05-2015 |
| | | ശ്രീ. രവീന്ദ്രൻ പി. | 06-04-2015<br>23-05-2015<br>12-08-2015 | 15-04-2015<br>24-05-2015<br>17-09-2015 |
| | | ശ്രീ. നൈജു ടി.വി. | 25-05-2015 | 11-08-2015 |
| | | ശ്രീമതി. ലജിത വി.എ. | 18-09-2015 | 31-03-2016 |

| | | | | |
|---|---|---|---|---|
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശോഭന പി. | 01-04-2015 | 31-03-2016 |
| 9 | അസി . സെക്രട്ടറി | ശ്രീമതി. സ്മിത കെ. പി. | 01-04-2015 | 07-01-2016 |
| | | ശ്രീ.എൻ. പ്രദീപൻ | 08-01-2016 | 31-03-2016 |
| 10 | ഹെഡ് മാസ്റ്റർ | ശ്രീമതി. ജയശ്രീ പി. | 01-04-2015 | 31-05-2015 |
| | | ശ്രീ. ബാലകൃഷ്ണൻ പി.കെ. | 01-06-2015 | 31-03-201 |

ഉള്ളടക്കം


| ക്രമ നം | ഭാഗം I –പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം 2015-2016 | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ | 1-10 |

| | | |
|---|---|---|
| 11 | ഗ്രാമസഭകൾ | 1-11 |
| 12 | വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും | 1-12 |
| 13 | ആഭ്യന്തര നിയന്ത്രണം - ജോലി വിഭജനം, ഓഫീസ് യോഗങ്ങൾ തുടങ്ങിയവ | 1-13 |
| | ഭാഗം II-വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | വസ്തുനികുതി- കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ശുഷ്കാന്തിയില്ല | 2-1 |
| 15 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ | 2-2 |
| 16 | ഡി & ഒ ലൈസൻസ് - അപാകങ്ങൾ | 2-3 |
| 17 | അനധികൃത കെട്ടിടങ്ങൾ - ഫീൽഡ് സ്റ്റാഫ് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നില്ല | 2-4 |
| 18 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്- 4 മുറികളിൽ നിന്നും വരുമാനം ലഭിക്കുന്നില്ല | 2-5 |
| 19 | പഞ്ചായത്ത് പൊതു ശ്മശാനം – ബൈലായ്ക്ക് പഞ്ചായത്ത് ഡയരക്ടറുടെ അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 2-6 |
| | ഭാഗം III-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി നിർവഹണം – വേണ്ടത്ര ശുഷ്കാന്തിയില്ല | 3-1 |
| 21 | കുടിവെള്ളം -പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നല്കൽ വർഷങ്ങൾക്ക് മുമ്പ് ലഭിച്ച കണക്ഷന് ധനസഹായം അനുവദിച്ചു - ₹6,000 തടസ്സപ്പെടുത്തുന്നു | 3-2 |

| | | |
|---|---|---|
| 22 | കേട്ടു വന്ന തെങ്ങുകൾ മുറിച്ചു മാറ്റി പുതിയ തെങ്ങിൻ തൈകൾ വെക്കൽ - മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല. | 3-3 |
| 23 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുവാങ്ങൽ - മുൻകൂർതുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല - 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 24 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ – മുൻകൂർ തുക KSEB ക്ക് നല്കി 3 വർഷം കഴിഞ്ഞുവെങ്കിലും നാളിതുവരെ പ്രവൃത്തി നടപ്പാക്കിയിട്ടില്ല | 3-5 |
| 25 | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നത് - സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ് | 3-6 |
| 26 | ഇ എം.എസ് ഭവന പദ്ധതി - പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-7 |
| 27 | ആശ്രയ പദ്ധതി - അവലോകനം | 3-8 |
| 28 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ - അവലോകനം | 3-9 |
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-10 |
| 30 | പാലിയേറ്റീവ് പരിചരണം - അവലോകനം | 3-11 |
| 31 | ദുരിതാശ്വാസനിധി - അവലോകനം | 3-12 |
| | ഭാഗം -IV –പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ | 4-1 |

| | | |
|---|---|---|
| 33 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | 4-8 |
| 40 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | ഓഡിറ്റ് ഇംപാക്റ്റ് | 4-11 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| | Annexures | |
| 44 | AUDIT CERTIFICATE | അനുബന്ധം-1 |
| 45 | റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |
| 46 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് PR No.36/2015 തീയതി 23-03-2015 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 82,78,200 | 2,46,43,880 | 1,63,65,680 | | +197.70 |
| വരവ് | 9,83,13,000 | 3,91,84,737 | | 5,91,28,263 | -60.14 |
| ആകെ | 10,65,91,200 | 6,38,28,617 | | 4,27,62,583 | -40.12 |
| ചെലവ് | 10,17,18,250 | 4,69,34,603 | | 5,47,83,647 | -53.86 |
| നീക്കിയിരിപ്പ് | 48,72,950 | 1,68,94,014 | 1,20,21,064 | | +246.69 |

ബജറ്റിൽ വിഭാവനം ചെയ്തതിനേക്കാൾ വരവിനത്തിൽ 60.14 ശതമാനവും ചെലവിനത്തിൽ 53.86 ശതമാനവും കുറവാണ് തൻവർഷത്തെ യഥാർത്ഥ വരവുചെലവുകളിൽ ഉണ്ടായിരിക്കുന്നത്. പ്രതീക്ഷിത നീക്കിയിരിപ്പിന്റെ 24.7 ശതമാനം അധികം തുക 31.03.2016-ന് നീക്കിയിരിപ്പുണ്ടായിരിക്കുന്നു. വസ്തുനിഷ്ഠമായല്ല ബജറ്റ് രേഖകൾ തയ്യാറാക്കുന്നത് എന്നാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. ബജറ്റ് തുകകൾ കുറേക്കൂടി വസ്തുതാപരമാക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-2016 | 31-07-2016 | 27-07-2016 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2015-2016 | 31-10-2016 | സി.9/1977/2016 | വിശേഷണങ്ങ |

| | | | |
|---|---|---|---|
| | | | ളോട്ട കൂടിയത് |

വാർഷികക്കണക്ക് - പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ

1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക ഹാജരാക്കിയിട്ടില്ല.

2.ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തിയെ സംബന്ധിച്ചുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. വാർഷികക്കണക്കിൽ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് ഉൾപ്പെടുത്തിയിട്ടില്ല.
4. വാർഷിക കണക്ക പ്രകാരമുള്ള വരവ് ചെലവുകൾ SFC പ്രൊഫോമ (I മുതൽ VII വരെ)യിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,46,43,880 |
| വരവ് | 3,91,84,737 |
| ആകെ | 6,38,28,617 |
| ചെലവ് | 4,69,34,603 |
| നീക്കിയിരിപ്പ് | 1,68,94,014 |

## 1-5 ഫണ്ട് വിനിയോഗം 2015-2016

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 31,60,383 | 12,78,813 | 44,39,196 | 44,39,196 | -- | -- |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 1,60,312 | 5,51,913 | 7,12,225 | 5,51,913 | -- | -- |
| വികസനഫണ്ട് (ടി.എസ്.പി) | -- | 12,000 | 12,000 | 12,000 | -- | -- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 12,77,169 | 45,29,587 | 58,06,756 | 58,06,756 | -- | -- |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 8,34,529 | 20,63,987 | 28,98,516 | 28,98,516 | -- | -- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 18,63,559 | 71,82,672 | 90,46,231 | 90,46,231 | -- | -- |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 31,52,170 | 31,52,170 | 63,04,340 | 63,04,340 | -- | -- |
| MGNREGS | -- | 1,22,30,835 | 1,22,30,835 | 1,22,30,520 | -- | 315 |
| ബി ഫണ്ട് | -- | 3,03,64,410 | 3,03,64,410 | 3,03,64,410 | -- | -- |
| ആകെ | 1,04,48,122 | 6,13,66,387 | 7,18,14,509 | 7,18,14,194 | -- | 315 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2015-16 | 153 | 40,75,589 | 97 | 34,57,739 | 14 | 42 | 63 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-2016 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 26.53 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 55,54,553 | 38,73,150 | 16,81,403 | -30.27 |
| നികുതിയേതര വരവുകൾ | 19,81,411 | 16,63,703 | 3,17,708 | -16.03 |
| ആകെ | 75,35,964 | 55,36,853 | 19,99,111 | 26.53 |

## 1-8 ക്ഷേമപദ്ധതികൾ

2015-2016 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-2016 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 2,69,520 | 166 |
| കർഷകതൊഴിലാളി പെൻഷൻ | 58,59,900 | 752 |
| വിധവാ പെൻഷൻ | 82,78,240 | 865 |
| വാർദ്ധക്യകാല പെൻഷൻ | 1,14,53,130 | 1537 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 31,91,940 | 292 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10,34,680 | 120 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 2,70,000 | 9 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-09-2016 | 01-08-2016 മുതൽ 31-08-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-04-2004 | 2003-04 | 13-09-2004 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-11-2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,519/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭകൾ

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 18 വാർഡുകളിലെയും പഴയ ഭരണസമിതിയുടെ ഗ്രാമസഭാ മിനിട്സ് ഹാജരാക്കിയത് പരിശോധിച്ചു. ഓഡിറ്റ് കാലയളവിൽ 09/15 വരെ 3 തവണ ഗ്രാമസഭ ചേർന്നിട്ടുണ്ട് (രണ്ടെണ്ണം തൊഴിലുറപ്പ് ഗ്രാമസഭ). വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, ലേബർ ബജറ്റ് തയ്യാറാക്കൽ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഗ്രാമസഭാ യോഗങ്ങളിൽ ഫലപ്രദമായി

നടത്തിയിട്ടുണ്ട്. പുതിയ ഭരണസമിതിയുടെ ഒരു മിനിട്സ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ഓഡിറ്റ് കാലയളവിനുള്ളിൽ ഒരു തവണ (2016 ഫിബ്രവരി മാസം)മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത് .

എല്ലാ ഗ്രാമസഭായോഗങ്ങളിലും ക്വോറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ ചില യോഗങ്ങളിൽ ഉണ്ടായിട്ടുള്ളൂ.

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ (സ്റ്റാറ്റ്യൂട്ടറി, പെർഫോർമൻസ്, എ.ജി. തുടങ്ങിയവ) ലഭിക്കുന്ന മുറക്ക് അവ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമം 3 എ (3) വകുപ്പ് നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമസഭാ യോഗങ്ങളിൽ ഒന്നുംതന്നെ മേൽ സൂചിപ്പിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്തതായി കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ ഗ്രാമസഭയിൽ ആയത് അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും പ്രവർത്തനവും

വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ പദ്ധതി രൂപീകരണം, നടത്തിപ്പ്, മോണിട്ടറിംഗ് എന്നിവയിൽ സുപ്രധാന പങ്കു വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖയിൽ (ജി.ഒ(എം.എസ്)362/2013 തസ്വഭവ 16-11-13) പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ആസൂത്രണത്തിനായി വിവിധ വിഷയ മേഖലകൾക്ക് അനുബന്ധം 3(1), 3(2) എന്നിവയിൽ പറഞ്ഞ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട്.

പദ്ധതി ആസൂത്രണത്തിനായി വിവിധ മേഖലകൾക്ക് പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ച പ്രകാരം 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും 12 മുതൽ 17 വരെ അംഗങ്ങൾ ഉണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പും 5 തവണ യോഗം ചേർന്നിട്ടുണ്ട്. യോഗത്തിലെ അംഗങ്ങളുടെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പൊതുവെ ക്വാറം തികയാനുള്ള പങ്കാളിത്തം മാത്രമേ ഉണ്ടാകുന്നുള്ളൂ. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11(3) പ്രകാരം ഓരോ വർക്കിംഗ് ഗ്രൂപ്പും പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് അനുബന്ധം 5(1) ൽ പറഞ്ഞ പ്രകാരമുള്ള ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന് നല്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിവരം മിനുട്സിൽ രേഖപ്പെടുത്തിക്കാണുന്നില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണെങ്കിലും ഇത് സംബന്ധിച്ച വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-13 ആഭ്യന്തര നിയന്ത്രണം - ജോലി വിഭജനം, ഓഫീസ് യോഗങ്ങൾ തുടങ്ങിയവ

1) തൻപതിവേട് (Personal Register) – സൂക്ഷിക്കൽ

മാനവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക-21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിയ്ക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിക്കേണ്ടതുമാണ്. ലഭ്യമാക്കിയ രജിസ്റ്ററുകളിൽ സെക്ഷൻ മേധാവിയുടെ പേര് ചേർത്തിട്ടില്ല. രജിസ്റ്ററുകളിലെ എല്ലാ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. 6 മുതൽ 10 വരെയുള്ള കോളങ്ങൾ ഒന്നും ചേർക്കാത്ത അവസ്ഥ യിലാണ്. എം.ഒ.പി. ഖണ്ഡിക 150 പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേ ണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running Note file) സൂക്ഷിക്കേണ്ടതാണ്. എന്നാൽ കുടാളി ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയ പേഴ്സണൽ രജിസ്റ്ററുകൾ സെക്ഷൻ മേധാവി പരിശോധിച്ചതായി കാണുന്നില്ല. തുടർകുറിപ്പ് ഫയൽ, ഓർമ്മിപ്പിക്കൽ ഡയറി ഫോറം-XV അനുബന്ധം-1 എന്നിവ ഒരു സെക്ഷനിലും സൂക്ഷിക്കുന്നില്ല.

2) സ്റ്റാഫ് മീറ്റിംഗുകൾ

2.7.2009-ലെ ജി.ഒ.(എം.എസ്.)123/2009/തസ്വഭവ നമ്പർ ഉത്തരവിലെ നിർദേശങ്ങൾ പ്രകാരം എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് നടത്തണമെന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും 2015-16 വർഷം ആ വ്യവസ്ഥ ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല. 30-09-2015, 12-11-2015, 05-12-2015, 05-03-2016 തീയ്യതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ചേർന്ന മീറ്റിംഗുകളിൽ അജണ്ട വെച്ചിട്ടില്ല. കാര്യങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനും ഓഫീസിന്റെ മൊത്തം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും സ്റ്റാഫ് മീറ്റിംഗ് ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

3) ഓഫീസ് ഉത്തരവുകൾ

വിശദമായ ജോലി വിഭജനരേഖ ഉൾക്കൊള്ളുന്ന ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിച്ചിട്ടുണ്ട്.3-11-2006-ലെ 45776/പി.എ.3/06/തസ്വഭവ നമ്പർ സർക്കാർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച എച്ച്-1/ 13880/06 തീയതി 18-01-2007 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം ഓരോ ജീവനക്കാരനും ഉത്തരവാദിത്തങ്ങളിൽ കൃത്യവിലോപമോ വീഴ്ചയോ വരുത്തിയാലുള്ള ഭവിഷ്യത്തുകൾ, ബാധ്യതകൾ എന്തൊക്കയാണെന്നതു സംബന്ധിച്ച് ഓഫീസ് ഉത്തരവുകളിൽ പരാമർശിയ്ക്കുന്നതായി കാണുന്നില്ല. ഓഫീസ് ഉത്തരവുകൾ യഥാസമയം തന്നെ ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തുവരുന്നുണ്ട്.

4) ഹാജർ പുസ്തകം

ഹാജർ പുസ്തകത്തിൽ ജീവനക്കാർ കൃത്യമായി ഒപ്പുരേഖപ്പെടുത്തുകയും അവധി വിവരം, മറ്റു ജോലികളുടെ വിവരം എന്നിവ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

5) ഫ്രണ്ട് ഓഫീസ് സംവിധാനം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല

എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. 01-04-2015-ന് ശേഷം ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തീരെ അലക്ഷ്യമായാണ് കൈകാര്യം ചെയ്തു വരുന്നത്. എല്ലാ ദിവസവും വൈകുന്നേരം 5 മണിക്ക് ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എഴുതി പൂർത്തിയാക്കുകയോ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഒപ്പു വെയ്ക്കുകയോ ചെയ്തിട്ടില്ല. ഫ്രണ്ട് ഓഫീസ് ചുമതല ജീവനക്കാർ ഏറ്റെടുക്കുകയോ കൈമാറിക്കൊടുക്കുകയോ ചെയ്യുന്നില്ല എന്നു മാത്രമല്ല 31-03-2016-ന് ശേഷം നാളിതു വരെ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എഴുതിയിട്ടുമില്ല. ഇക്കാര്യം ഓഡിറ്റ് അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി -കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ശുഷ്കാന്തിയില്ല

19-10-2015, 31-12-2015, 01-01-2016, 02-03-2016, 15-03-2016, 23-09-2016 തീയ്യതികളിലെ ഓഫീസ് ഓർഡറുകൾ പ്രകാരം കുടിശ്ശികയുൾപ്പെടെ 2015-16 വർഷത്തെ വസ്തുനികുതി പിരിവ് 100% കൈവരിക്കാൻ സെക്രട്ടറി ബന്ധപ്പെട്ട ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ 2015-16 വർഷത്തെ വസ്തുനികുതി പിരിവ് 51.95% മാത്രമാണ്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഡിമാന്റ് | | | പിരിവ് | | | ബാലൻസ് | | | പിരിവ് % | | |
|---|---|---|---|---|---|---|---|---|---|---|---|
| കുടി ശ്ശിക | തൻ വർഷം | ആകെ | കുടി ശ്ശിക | തൻ വർഷം | ആകെ | കുടി ശ്ശിക | തൻ വർഷം | ആകെ | കുടി ശ്ശിക | തൻ വർഷം | ആകെ |
| 13,44,421 | 31,90,266 | 45,34,687 | 1,79,443 | 21,76,257 | 23,55,700 | 11,64,978 | 10,14,009v | 1172684 | 13.3 | 68.2 | 51.95 |

മുൻ വർഷത്തെ വസ്തുനികുതി കുടിശ്ശികയിൽ 13.3% മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. 2015-16-ലെ മൊത്തം പിരിവ് 51.955 % മാത്രമാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിലും തൻവർഷ തുക പിരിച്ചെടുക്കുന്നതിലും സാരമായ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മറ്റിനങ്ങളിലെന്ന പോലെ വസ്തുനികുതിയിലും 100% പിരിവ് നേട്ടം കൈവരിച്ച് തനതു വിഭവ സമാഹരണം മെച്ചപ്പെടുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട

രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെക്കാണുന്ന അപാകങ്ങൾ കാണുന്നു.

1) വിനോദ് കുമാർ കെ.പി, അഗ്രിക്കൾച്ചർ ഓഫീസർ 20-08-2015-ന് കൂടാളി കൃഷി ഭവനിൽ

ജോലിയിൽ പ്രവേശിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

2) തൊഴിൽ നികുതി ഒടുക്കുന്നതിനായി ചില സ്ഥാപനങ്ങളിൽ നിന്നും സമർപ്പിച്ച റിട്ടേണുകളിൽ ചില ജീവനക്കാരെ ഭിന്നശേഷി വിഭാഗത്തിൽപ്പെടുത്തി നികുതി ഒഴിവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റിട്ടേണിന്റെ കൂടെ ഇവരുടെ ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര്/തസ്തിക | ഓഫീസ് | സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച തീയ്യതി | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം | റിമാർക്സ് |
|---|---|---|---|---|---|
| 1 | സിലീഷ് ചന്ദ്രോത്ത്, ക്ലാർക്ക് | കൂടാളി ഗ്രാമ പഞ്ചായത്ത് | | 2015-2016 രണ്ട് | ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയ്യതി ഫയലിൽ ലഭ്യമല്ല |
| 2 | രാജൻ കെ, പിടിഎസ് | പി.എച്ച്.സി. കൂടാളി | | ഒന്ന്, രണ്ട് | -ടി- |
| 3 | ജയൻ പി, വില്ലേജ്ഫീൽഡ് അസിസ്റ്റന്റ് | വില്ലേജ് ഓഫീസ്, പട്ടാന്നൂർ | | ഒന്ന്, രണ്ട് | -ടി- |
| 4 | 1)അബ്ദുറഹ്മാൻകെ.പി എൽ.പി.എസ്.എ.<br>2) മായൻകുട്ടി കെ പി ടി സി എം | ഗവ.യു പി സ്കൂൾ, കൊടോളിപ്രം | | ഒന്ന്, രണ്ട് | -ടി- |

3) ഡി&ഒ രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ഉടമയുടെ പേര് /വാർഡ്, കെട്ടിട നം. | സ്ഥാപനത്തിന്റെ പേര്, തരം | ഫീസ് ഒടുക്കിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | സി. അബൂബക്കർ | സെമി സോമിൽ, | 1000/- | |

| | | | | |
|---|---|---|---|---|
| | സിദ്ദിഖ്,<br>III 380 | മരപ്പണി | 108051/ 03-02-15 | |
| 2 | മനോജ് കെ.ആർ,<br>XIV 274 C | യുണീക്ക് ക്രഷർ എക്വിപ്പ്മെന്റ്സ്,<br>ക്രഷർ എക്വിപ്പ്മെന്റ്സ് വില്പന | 1000/-<br>100080 / 07-04-15 | |
| 3 | ജിമ്മി കെ.സി,<br>VII 272 A | റീന മെറ്റൽസ്,<br>ഗ്രാനൈറ്റ് സ്റ്റോക്ക്, വില്പന | 2000/-<br>101148/ 13-04-15 | |
| 4 | സുധീർ രാജ്,<br>XVI 277, 279 A | ജെ കെ സിമന്റ്സ് ലിമി.,<br>സിമന്റ് സ്റ്റോക്ക്, വില്പന | 2000/-<br>101596 / 16-09-15 | |
| 5 | മുഹമ്മദ് അനീഷ് എ. കെ,<br>XI 195 A | ഇൻഡക്സ് ബജാജ്,<br>ബൈക്ക്, വാഹന വില്പന | 2000/-<br>102162 / 12-11-15 | |

മേൽപ്പറഞ്ഞ പരാമർശങ്ങൾ പരിശോധിച്ച തുടർനടപടി സ്വീകരിക്കുമെന്ന് 02-11-2016-ന് ഹാജരാക്കിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 2-3 ഡി & ഒ ലൈസൻസ് - അപാകങ്ങൾ

1.ലൈസൻസുകൾ വിതരണം ചെയ്യുന്നില്ല.

ഡി & ഒ ലൈസൻസ് ലഭിക്കുന്നതിനായി അപേക്ഷ നൽകിയവരിൽ നിന്നും അപേക്ഷാ ഫീസ് ഈടാക്കുന്നതല്ലാതെ പഞ്ചായത്ത് ലൈസൻസ് നൽകുന്നില്ല. ആവശ്യപ്പെടുന്നവർക്ക് മാത്രമാണ് നിലവിൽ ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്നത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 24(vi) പ്രകാരം ലൈസൻസ് നൽകപ്പെട്ട സ്ഥലത്ത് എല്ലാവരും കാണത്തക്ക വിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസുകാരൻ തന്റെ പേര്, ലൈസൻസ്, ഉദ്ദേശ്യം എന്നിവ കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുഴുവൻ അപേക്ഷകർക്കും ലൈസൻസ് നൽകാത്തത് ഇതിന് വിരുദ്ധമാണ്. ലൈസൻസിന്റെ ആവശ്യകതയെക്കുറിച്ച് സ്ഥാപന ഉടമകളെ ബോധവത്കരിക്കുകയും മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുകയും അത് സ്ഥാപനങ്ങളിൽ

പ്രദർശിപ്പിക്കുവാനാവശ്യപ്പെടുകയും ചെയ്യേണ്ടതാണ്.

2. ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2015 വർഷത്തിൽ, പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ:-

| അപേക്ഷ ക്രമ നം. | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | അപേക്ഷ ലഭിച്ച തീയ്യതി | ലൈസൻസ് ഫീ, രശീതി നം., തീയ്യതി |
|---|---|---|---|---|
| 227 | കെ.വി.രാഘവൻ | കള്ള് ഷാപ്പ് | 26-03-2016 | 106492/-,26-03-2016 |
| 286 | നൗഫൽ കെ. | സിമന്റ്, കമ്പി വില്പന | 29-03-2016 | 106738/-, 29-03-2016 |
| 298 | പി. ശ്രീധരൻ | ആയുർവ്വേദ ഫാർമസി | 30-03-2016 | 106845/-, 30-03-2016 |
| 303 | അരവിന്ദാക്ഷൻ എ.വി. | ആയുർവ്വേദ മരുന്ന് നിർമ്മാണം | 31-03-2016 | 106959/-, 31-03-2016 |
| 308 | സി.വി. മറിയം | സോമിൽ | 31-03-2016 | 107015/-, 31-03-2016 |

ഇത് മേൽ ചട്ടങ്ങളിലെ ചട്ടം 5,10 എന്നിവയുടെ ലംഘനമാണ്. ഇപ്രകാരം ഡി&ഒ ലൈസൻസ്

എടുക്കാതെ വർഷം മുഴുവനും പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരമുള്ള നടപടി (1996-ലെ കേരള പഞ്ചായത്ത് രാജ് ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 2 കൂടി കാണുക) സ്വീകരിക്കേണ്ടതാണ്. മുഴുവൻ സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് എടുക്കുന്നുണ്ട്/പുതുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. ഡി & ഒ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുന്നതിന്/പുതുക്കുന്നതിന് ലഭിച്ച അപേക്ഷകൾ ഭൂരിഭാഗവും മുഴുവനായി പൂരിപ്പിക്കുകയോ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തു കയോ ചെയ്തിട്ടില്ല എന്നു പരിശോധനയിൽ കാണുകയുണ്ടായി. ചട്ടപ്രകാരം സ്വീകരിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും ലൈസൻസ് ആവശ്യമായ സ്ഥാപനത്തെ/സ്ഥലത്തെ സംബന്ധിച്ചും ഉണ്ടായിരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ, ഒരു ദിവസത്തെ വിറ്റുവരവ്, അപേക്ഷകന്റെ സത്യപ്രസ്താവന എന്നിവ മുഴുവനാ യും രേഖപ്പെടുത്തിക്കാണുന്നില്ല. അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട വാർഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി ഡി&ഒ ലൈസൻസ് അനുവദിക്കുകയോ പുതുക്കി നല്കുകയോ ചെയ്യേണ്ടത്. എന്നാൽ ലൈസൻസ് പുതുക്കി നല്കുന്നതിനുള്ള ഒരപേക്ഷയിലും (സ്റ്റോൺ ക്രഷർ, പെട്രോൾ പമ്പ്, ജീവശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂനിറ്റ് എന്നിവ ഉൾപ്പെടെ) അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഭാവിയിൽ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഹോട്ടലുകൾ, ബേക്കറി ഉല്പന്ന നിർമ്മാണം, ചിക്കൻ സ്റ്റാളുകൾ എന്നിവയ്ക്ക് ലൈസൻസിനുള്ള അപേക്ഷകളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിട്ടറി സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള അനുമതി പത്രം ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4. ഡി&ഒ ലൈസൻസ് കാലികമായി വർദ്ധിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസ് നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്നിരിക്കെ കുടാളി പഞ്ചായത്തിൽ ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞുവരുന്നതായി കാണുന്നു. ഡി&ഒ ലൈസൻസ് പെർമിഷൻ രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തവരുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| വർഷം | എണ്ണം |
|---|---|
| 2014-15 | 353 |
| 2015-16 | 313 |

ദിവസേനയെന്നോണം സ്ഥാപനങ്ങൾ കൂടി വരുന്ന ഇന്നത്തെ സാഹചര്യത്തിൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് ഒരിക്കലും സംഭവിക്കാൻ സാധ്യതയില്ലാത്തതാണ്. കുറവ് വന്ന 40 എണ്ണം ലൈസൻസുകൾ 2015-16 വർഷത്തെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ കുറവ് വരുത്തിയിട്ടില്ല. ഇതിൽ നിന്നും പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിക്കുന്നത് എന്ന് മനസ്സിലാകുന്നു. ഡി & ഒ ലൈസൻസ് എടുത്തവരുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കടമകളും ഉത്തരവാദിത്തങ്ങളും നിറവേറ്റുന്നതിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചകൾ സംബന്ധിച്ച് കൂടുതൽ അന്വേഷണത്തിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 2-4 അനധികൃത കെട്ടിടങ്ങൾ - ഫീൽഡ് സ്റ്റാഫ് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നില്ല-

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ, എബി എന്നിവ പ്രകാരം അനധികൃത കെട്ടിട നിർമ്മാണം എന്നാൽ 235 ഡബ്ല്യൂ വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ ഈ ആക്ടിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃത പ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർനിർമ്മിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽ നിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ചുകൊണ്ട് നിർമ്മിച്ചതോ ആയ ഏതെങ്കിലും നിർമ്മാണം എന്നർത്ഥമാകുന്നു. പഞ്ചായത്ത് പരിധിയിൽ ഇപ്രകാരം അനധികൃത കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി റിപ്പോർട്ട് ചെയ്യുകയും അവ ക്രമവൽക്കരിച്ച് കെട്ടിട നമ്പർ നല്കി നികുതി ഈടാക്കുകയും ഇങ്ങനെ നമ്പർ നല്കിയവയുടെയും അല്ലാത്തവയുടെയും വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിച്ചു പോരേണ്ടതുമാണ്. ഇതിനായി 08-09-2015-ലെ 13/15 നമ്പർ ഓഫീസ് ഓർഡർ പ്രകാരം സെക്ഷൻ ക്ലാർക്ക്, വാർഡ്തല ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി സ്ക്വാഡ് രൂപീകരിച്ച് സെക്രട്ടറി ഉത്തരവായിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് സ്റ്റാഫ് കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നില്ല. അതുകൊണ്ടു തന്നെ പഞ്ചായത്തിൽ ആകെയുള്ള

അനധികൃത നിർമ്മാണങ്ങളകളെപ്പറ്റിയുള്ള വിവരങ്ങൾ ലഭിക്കുന്നില്ല. പഞ്ചായത്തിൽ നടന്നിട്ടുള്ള മുഴുവൻ അനധികൃത നിർമ്മാണങ്ങളും കണ്ടെത്തി റിപ്പോർട്ട് ചെയ്യാനും രജിസ്റ്ററിൽ ചേർക്കാനുമുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-5 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - 4 മുറികളിൽ നിന്നും വരുമാനം ലഭിക്കുന്നില്ല

കൂടാളി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 23 കട മുറികളിൽ 19 എണ്ണത്തിൽ നിന്നു മാത്രമേ വരുമാനം ലഭിക്കുന്നുള്ളൂ. പഞ്ചായത്തിലെ കൊളപ്പയിൽ സ്ഥിതിചെയ്യുന്ന 4 കടമുറികൾ (കെട്ടിട നമ്പർ പഴയത്- VI 117, 120, 216 D, 216 E പുതിയത് യഥാക്രമം -- V 340, 343, 352, 360) ലേലം ചെയ്യപ്പെടാതെ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുകയാണ്. മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിന് ലേലം നടത്തുന്നുണ്ടെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ലേലനടപടികൾ മാറ്റിവയ്ക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്തിന്റെ ആസ്തിയിൽനിന്നും വരുമാനം ലഭിക്കുന്നതിനാവശ്യമായ ക്രിയാത്മകമായ ഇടപെടലുകൾ സ്വീകരിക്കുന്നതിലേക്ക് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 പഞ്ചായത്ത് പൊതു ശ്മശാനം – ബൈലായ്ക്ക് പഞ്ചായത്ത് ഡയരക്ടറുടെ അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല

കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ശ്മശാനം നടത്തിപ്പ് വകയിൽ 5,100/- രൂപ വരവുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11-02-2015 തീയ്യതിയിലെ 26/2015 നമ്പർ തീരുമാന പ്രകാരം, 2014 ലെ പഞ്ചായത്ത് പൊതുശ്മശാനം നടത്തിപ്പിനുള്ള കരട് ബൈലോ അന്തിമമായി അംഗീകരിച്ചതായി കാണുന്നു. പ്രാദേശികമായി രൂപീകരിച്ച സംരക്ഷണ സമിതിയാണ് ശ്മശാനം നടത്തുന്നത്. നിയമാവലി അനുസരിച്ച് ഒരു ശവം സംസ്കരിക്കുന്നതിന് 1200/- രൂപ ഈടാക്കുന്നുണ്ട്. ഇതിൽ 100/- രൂപ പഞ്ചായത്ത് വിഹിതമായി നിശ്ചയിച്ചിട്ടുമുണ്ട്. പ്രസ്തുത ബൈലോ പഞ്ചായത്ത് ഡയരക്ടറുടെ അംഗീകാരത്തിന് അയച്ചു കൊടുക്കുവാനുൻ ഭരണസമിതി യോഗം അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ആയത് പഞ്ചായത്ത് ഡയരക്ടർക്ക് അയച്ചുകൊടുക്കുന്നതിനും അംഗീകാരം വാങ്ങിക്കുന്നതിനും നാളിതുവരെയായി ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കരട് ബൈലോയ്ക്ക് പഞ്ചായത്ത് ഡയരക്ടറുടെ അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ ഉടൻ കൈക്കൊള്ളുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കരട് ബൈലോയ്ക്ക് അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-7 സേവന നികുതി ചുമത്തുന്നില്ല/ഈടാക്കുന്നില്ല–തനതുവരുമാനത്തിൽ

## ഗണ്യമായ കുറവ് സംഭവിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200(2) പ്രകാരം ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവഞ്ചിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 1995-ലെ കേരള പഞ്ചായത്ത് രാജ് സേവന നികുതി ചട്ടങ്ങൾ പ്രകാരം ശുചിത്വ പരിപാലനത്തിന് ഒരു ശതമാനത്തിലും ജലവിതരണത്തിന് 2 ശതമാനത്തിലും തെരുവ് വിളക്ക് കത്തിക്കുന്നതിന് 2 ശതമാനത്തിലും ഡ്രെയിനേജ്, സ്കാവഞ്ചിംഗ് എന്നിവയ്ക്ക് 1 ശതമാനത്തിലും കുറയുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്.

കൂടാളി ഗ്രാമപഞ്ചായത്ത് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എന്നീ സേവനങ്ങൾക്കായി വലിയ തുക വർഷാവർഷം ചെലവഴിക്കുന്നുണ്ടെങ്കിലും നാളിതു വരെയായി ഇവയ്ക്കൊന്നും സേവന നികുതി ചുമത്തിയിട്ടില്ല. വിവിധ സേവനങ്ങൾക്കായി 2015-16 വർഷത്തിൽ പഞ്ചായത്ത് ചെലവഴിച്ച തുകയുടെയും നിശ്ചിത കുറഞ്ഞ നിരക്കിൽ സേവന നികുതി ചുമത്തിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന സേവന നികുതിയുടെയും വിവരം ചുവടെ കൊടുക്കുന്നു.

<table>
<tr><th>സേവനത്തിന്റെ പേര്</th><th>സേവനം നൽകുന്നതിന് 2015-16 വർഷത്തിൽ പഞ്ചായത്ത് ചെലവഴിച്ച തുക</th><th>2015-16 വർഷത്തിൽ വസ്തു നികുതിയിനത്തിൽ ഡിമാന്റ്</th><th>ചുമത്താവുന്ന കുറഞ്ഞ സേവന നികുതി</th></tr>
<tr><td>1</td><td>2</td><td>3</td><td>4</td></tr>
<tr><td>ശുചിത്വ പരിപാലനം</td><td>1,80,000</td><td rowspan="4">35,20,678</td><td>35,207</td></tr>
<tr><td>ജല വിതരണം</td><td>6,39,193</td><td>70,414</td></tr>
<tr><td>തെരുവ് വിളക്ക് കത്തിക്കൽ</td><td>3,23,864</td><td>70,414</td></tr>
<tr><td>ആകെ</td><td>11,43,057</td><td>1,76,035</td></tr>
</table>

സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞ നിരക്കിൽ സേവന നികുതി ചുമത്തിയിരുന്നെങ്കിൽ പോലും തൻവർഷം 1,76,035/- രൂപ സേവന നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്നു എന്ന് പട്ടിക വ്യക്തമാക്കുന്നു. യഥാസമയം ന്യായമായ നിരക്കിൽ സേവനങ്ങൾക്ക് നികുതി ചുമത്താത്തതിനാൽ വർഷം തോറും തനതു വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്ന കാര്യം പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി നിർവഹണം - വേണ്ടത്ര ശുഷ്കാന്തിയില്ല

2015-16 സാമ്പത്തിക വർഷത്തിൽ കുടാളി ഗ്രാമപഞ്ചായത്തിന് നിർവഹണാംഗീകാരം ലഭിച്ച ആകെ പദ്ധതികളുടെ എണ്ണം 153 ആണ്. ഇതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണം

നടത്തുന്നതിന് നിശ്ചയിക്ക പ്പെട്ടത് വെറും 13 പദ്ധതികൾ മാത്രമാണ്. ഇതിൽതന്നെ 5 പദ്ധതികൾ മാത്രമേ നടപ്പിലാക്കുകയുണ്ടായുള്ളൂ. നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾക്കെല്ലാം കൂടി വകയിരുത്തിയ തുക (5,89,78,264/- രൂപ) യുടെ 4.75% മാത്രമാണ് (28,04,259/- രൂപ) സെക്രട്ടറി നിർവഹണം നടത്തേണ്ട പ്രോജക്ടുകൾക്കായി വകയിരുത്തിയിട്ടുള്ളത്. അതുപോലെ തൻവർഷത്തെ മൊത്തം പദ്ധതി നിർവഹണച്ചെലവിന്റെ (3,85,69,013/- രൂപ) 4.3% തുക (16,59,759/- രൂപ) മാത്രമാണ് നിർവഹണോദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറി ചെലവഴിച്ചിട്ടുള്ളത്.

മുഖ്യനിർവഹണോദ്യോഗസ്ഥൻ എന്ന നിലയിൽ പദ്ധതി നിർവഹണത്തിന്റെ ചുക്കാൻ പിടിക്കേണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി നാമമാത്രമായ രീതിയിൽ മാത്രമേ പദ്ധതി നിർവഹണത്തിൽ ഭാഗഭാക്കായിട്ടുള്ളൂ എന്നത് പ്രധാന പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

## **3-2** കുടിവെള്ളം -പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹീക കണക്ഷൻ നല്കൽ-വർഷങ്ങൾക്ക് മുമ്പ് ലഭിച്ച കണക്ഷന് ധനസഹായം അനുവദിച്ചു **₹6,000** തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 64/16

പ്രോജക്ടിന്റെ പേര് : ഗാർഹിക കുടിവെള്ള കണക്ഷൻ നല്കൽ

വകയിരുത്തിയ തുക : ₹60,000 വികസന ഫണ്ട്

ചെലവ് തുക : ₹12,000

ബിൽ നമ്പർ/തീയ്യതി : 9/15-16 തീയ്യതി 29-3-2016

ജി.ഒ.(എം.എസ്)362/2013/തസ്വഭവ തീയതി 16.11.2013 ഉത്തരവ് അനുസരിച്ച് പട്ടികജാതി

വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിലേക്കായി ₹6,000 (പരമാവധി) സബ്സിഡി അനുവദിക്കാവുന്നതാണ്.

മേൽ പ്രൊജക്ടിന്റെ ഭാഗമായി കൂടാളി ഗ്രാമപഞ്ചായത്തിലെ 3 ഗുണഭോക്താക്കൾക്ക് ₹6000 വീതം നൽകുകയുണ്ടായി. (ബിൽ നമ്പർ 9/15-16/29-3-2016 - ₹12,000, ബിൽ നമ്പർ 10/15-16 31-3-2016 -₹6,000) ഇതിൽ വിമല ടി.കെ. എന്ന ഗുണഭോക്താവിന് അനുവദിച്ച് ധനസഹായമായ ₹6,000 കാനറാ ബാങ്കിലെ A/C No. 40008108000934-ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പുതിയ ഗാർഹിക കുടിവെള്ള കണക്ഷൻ അനുവദിക്കുക എന്ന ലക്ഷ്യത്തോടുകൂടി 12-ാം പദ്ധതിയിൽ (2014-15 മുതൽ) ഏർപ്പെടുത്തിയ മേൽ പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കൾ പുതിയ കണക്ഷനു വേണ്ടി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചതിന്റെ രശീതി ലഭ്യമാക്കുകയോ കണക്ഷൻ നേടിയതിന്റെ തെളിവ് ഹാജരാക്കുകയോ ചെയ്താൽ സബ്സിഡി തുക ടിയാന്റെ അക്കൗണ്ടിലേക്ക് നല്കുന്നതായിരിക്കും മേൽപ്പറഞ്ഞ ഗുണഭോക്താവ് ആനുകൂല്യം കൈപ്പറ്റാൻ ഹാജരാക്കിയത് 05-09-2013-ന് കണക്ഷൻ അനുവദിച്ച KDY.887 കൺസ്യൂമർ നമ്പറിലുള്ള കൺസ്യൂമർ കാർഡാണ്. 2013-14 വർഷം നേടിയ ഗാർഹിക കണക്ഷന്റെ രേഖകളുടെ അടിസ്ഥാനത്തിൽ 2015-16 വർഷത്തെ പദ്ധതി ആനുകൂല്യം നല്കിയത് ശരിയായ നടപടിയല്ല. ആയതിനാൽ ചെലവഴിച്ച ₹6,000 തടസ്സപ്പെടുത്തുന്നു.

## 3-3 കേടു വന്ന തെങ്ങുകൾ മുറിച്ചു മാറ്റി പുതിയ തെങ്ങിൻ തൈകൾ വെക്കൽ -മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് : 89/16 കേടു വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തെങ്ങിൻ തൈകൾ വെക്കൽ

വകയിരുത്തിയ തുക : ₹14,86,250

ചെലവ് തുക : ₹6,53,000 (ബിൽ നമ്പർ 5/15-16/15.03.2016)

₹37,000 (ബിൽ നമ്പർ 6/15-16/29.03.2016)

₹12,560 (DD.No 557041/30.03.2016)

ആകെ ₹7,02,560

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ തീയതി 16.11.2013 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ 12-ാം പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ അനുസരിച്ച് മേൽ പരാമർശിച്ച പദ്ധതിയിൽ നാമമാത്ര കർഷകർക്ക് മാത്രമാണ് സബ്സിഡി അനുവദിക്കാവുന്നത്.

2.5 ഏക്കറിൽ താഴെ കൃഷി സ്വന്തമായുള്ളവരാണ് നാമമാത്ര കർഷകർ എന്ന വിഭാഗത്തിൽപ്പെടുന്നത്. (സർക്കുലർ നം.41935/98/ തസ്വഭവ തീയതി 29-08-1998). നാമമാത്ര കർഷകർ എന്ന വിഭാഗത്തിൽ ഉൾപ്പെടാത്തവരായിട്ടും താഴെ കൊടുത്ത ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിലേക്കായി സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ലാത്തതിനാൽ പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമായി കണക്കാക്കി ചെലവഴിച്ച ₹15,500 തടസ്സപ്പെടുത്തുന്നു. തുക നൽകിയത് ന്യായീകരിക്കുന്ന മതിയായ രേഖകൾ/ഉത്തരവുകൾ/വിശദീകരണങ്ങൾ ഹാജരാക്കി ക്രമപ്പെടുത്താത്ത പക്ഷം തുക തിരിച്ചടക്കേണ്ടതാണ്. മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥന് ബാധ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

| ക്രമ നം | വിതരണ പത്രികയിലെ ക്രമ നം./ഗുണഭോക്താവിന്റെ പേര് | അപേക്ഷ പ്രകാരം കൈവശ ഭൂമിയുടെ അളവ് (ഏക്കറിൽ) | മുറിച്ചുമാറ്റിയ തെങ്ങുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | 8, അച്ചുതൻ | 3.25 | 1 | 500 |
| 2 | 21, കുഞ്ഞിക്കണ്ണൻ നമ്പ്യാർ | 2.6 | 1 | 500 |
| 5 | 24, എ.വി.കാർത്ത്യായനി | 5.82 | 3 | 1,500 |
| 4 | 301, പി.എം.ഗോവിന്ദൻനമ്പ്യാർ | 3.50 | 1 | 500 |
| 5 | 385, വി.വി.കൃഷ്ണമാരാർ | 2.80 | 1 | 500 |

| | | | | |
|---|---|---|---|---|
| 6 | 402, പി.ഇ.പവിത്രൻ | 4.81 | 1 | 500 |
| 7 | 409, പടിഞ്ഞിറ്റിയിൽ ഗംഗാധരൻ | 2.59 | 3 | 1,500 |
| 8 | 434, പി.വി.കുഞ്ഞികൃഷ്ണൻ | 3.89 | 2 | 1,000 |
| 9 | 435, ടി.വി.സുകുമാരൻ | 4.94 | 5 | 2.500 |
| 10 | 467, ബാലഗോപാലൻ നമ്പ്യാർ | 2.68 | 1 | 500 |
| 11 | 514, എ.കുഞ്ഞിക്കണ്ണൻ | 3.50 | 5 | 2,500 |
| 12 | 573, പി.കെ.രാഘവൻ | 4.09 | 5 | 2,500 |
| 13 | 579, പി.വി.വാസു | 2.96 | 2 | 1,000 |
| | ആകെ | | | 15,500 |

## 3-4 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുവാങ്ങൽ - മുൻകൂർതുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല - 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : S 0139/16 (ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുവാങ്ങൽ)

അടങ്കൽ : 1,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ്- നോൺറോഡ്)

നിർവഹണം : മെഡിക്കൽ ഓഫീസർ (ഹോമിയോ),

ചെലവ് : 1,00,000/- രൂപ (ബിൽ നമ്പർ : 1/15-16 തീ.16-02-2016)

മേൽ പ്രോജക്ട് പ്രകാരം, ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള നായാട്ടുപാറ സർക്കാർ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് 1,00,000/- രൂപ (ഡി.ഡി.നമ്പർ 111307 തീയതി 16-02-2016) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസി ലിമിറ്റഡിന് 16-02-2016 ന് നൽകിയിരുന്നു. തുക കൈപ്പറ്റിയതിന് HOMCO മാനേജിങ് ഡയരക്ടരുടെ 24-02-2016

തീയതിയിലെ 1240 നമ്പർ ഔദ്യോഗിക രശീതി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തുക നൽകി 8 മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത സ്ഥാപനം മരുന്നുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് കൊടുത്ത ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 07-10-2016-ന് ടി സ്ഥാപനത്തിന് കത്തയച്ചെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ലായെന്നാണ് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചത്. മരുന്നുകൾ ഇതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ മുൻകൂർ ചെലവഴിച്ച 1,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - മുൻകൂർ തുക KSEB-ക്ക് നല്കി 3 വർഷം കഴിഞ്ഞുവെങ്കിലും നാളിതു വരെ പ്രവൃത്തി നടപ്പാക്കിയിട്ടില്ല

സ.ഉ.(എം.എസ്)34/03/പി.ഡി/02-12-2013 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ 65529/ഡി.സി.3/12/തസ്വഭവ/12-03-2013 പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ് എന്ന സർക്കാർ നിർദ്ദേശമുണ്ട്. മേൽ സാഹചര്യത്തിൽ കൂടുതൽ ലാഭകരമായ രീതി എന്ന നിലയിലും വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുക എന്ന ഉദ്ധേശത്തോടുകൂടി കുടാളി ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ പ്രവൃത്തി നടപ്പിലാക്കുന്നതിനായി 30-12-2013-ന് ₹2,14,035 ഗ്രാമപഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, ചാലോട് സെക്ഷന് കൈമാറിയിട്ടുണ്ട്. (രശീത് നം.441735/30-12-2013) എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി എ1-5684/15/10-12-2015 നമ്പർ പ്രകാരം KSEB ക്ക് കത്തു നല്കിയെങ്കിലും ആയതിന് മറുപടി നല്കുകയോ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 3 വർഷം മുമ്പ് KSEB ക്ക് തുക ഡപ്പോസിറ്റ് ചെയ്തിട്ടും നാളിതുവരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് ചെയ്ത് വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ഭാഗത്തു നിന്നുണ്ടായ ഉദാസീനത തിരുത്തുന്നതിന് സത്വര നടപടികൾ ഉണ്ടാവേണ്ടതാണ്.

സംയുക്ത പരിശോധന നടത്താതെയും വ്യക്തമായ ഇൻവോയിസിന്റെ അഭാവത്തിലും തെരുവ് വിളക്കുകളുടെ ചാർജ്ജ് ഒടുക്കി വരുന്നത് ശരിയായ നടപടിയല്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2015-16 വർഷം 3,23,256/- രൂപ KSEB, ചാലോട് സെക്ഷനിലേക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഒടുക്കുന്ന ചാർജ്ജ് കണക്കാക്കുന്നതിന് ആധാരമായ തെരുവ് വിളക്കുകളുടെ എണ്ണം/വാട്ട് എന്നിവ ഉൾപ്പെട്ട ഇൻവോയിസോ, സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തിയതിന്റെ രേഖകളോ ഇല്ലാതെ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് ശരിയല്ല. ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-6 പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നത് - സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

കുടാളി ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റി ഓരോ മാസവും നല്കുന്ന ഡിമാന്റ് നോട്ടിസിന്റെ അടിസ്ഥാനത്തിൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് അധികൃതർ വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഡിമാന്റ് നോട്ടീസിൽ പറയുന്ന അത്രയും പൊതുടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തന ക്ഷമമാണെന്നുള്ള കണക്കെടുപ്പോ, വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധനയോ ഇതേവരെ നടത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നം.2205/89/KWA/HO(F)/22.3.1999 പ്രകാരം ഗ്രാമപഞ്ചായത്തു കളിൽ സ്ഥാപിട്ടുള്ള പൊതു ടാപ്പുകളിൽ കൂടി ഒരു മിനുട്ടിൽ ശരാശരി 5 ലിറ്റർ എന്ന തോതിൽ ശരാശരി 8 മണിക്കൂർ നേരത്തേക്ക് പ്രതിദിനം 2.4. കിലോ ലിറ്റർ എന്ന കണക്കിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ജല ലഭ്യത, പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം എന്നിവയെ സംബന്ധിച്ച് കൃത്യമായ കണക്കില്ലാതെ വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന തുക അതേപടി ഒടുക്കി വരികയാണ് ചെയ്തു വരുന്നത്. 2014-15 വർഷത്തെ കേരള സ്റ്റേറ്റ് ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച പരാമർശം ഉണ്ടായിരുന്നിട്ടും വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുകയോ ഇത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ടാപ്പുകളുടെ എണ്ണവും, പ്രവർത്തനക്ഷമതയും തിട്ടപ്പെടുത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്താതെ വാട്ടർ അതോറിറ്റി ഡിമാൻഡ് നോട്ടിസിൽ

ആവശ്യപ്പെടുന്ന തുക അതേപടി ഒടുക്കുന്നത് ശരിയല്ല. ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| മാസം/വർഷം | ഡിമാൻഡ് നോട്ടീസ് പ്രകാരം ടാപ്പുകളുടെ എണ്ണം | ഒടുക്കിയ തുക |
|---|---|---|
| ഏപ്രിൽ /2015 | 120 | 52,500 |
| മെയ്/2015 | 121 | 52.938 |
| ജൂൺ/2015 | 121 | 52.938 |
| ജൂലൈ/2015 | 121 | 52.938 |
| ആഗസ്റ്റ്/2015, | 121 | 52.938 |
| സെപ്തംബർ/2015 | 121 | 52.938 |
| ഒക്ടോബർ/2015 | 121 | 52.938 |
| നവംബർ/2015 | 123 | 53,813 |
| ഡിസംബർ/2015 | 123 | 53,813 |
| ജനവരി/2016 | 123 | 53,813 |
| ഫെബ്രുവരി/2016 | 123 | 53,813 |
| മാർച്ച്/2016 | 123 | 53,813 |
| ആകെ | | 6,39,193 |

## 3-7 ഇഎംഎസ് ഭവന പദ്ധതി-പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2009-10 സാമ്പത്തിക വർഷം ആരംഭിച്ച ഇഎംഎസ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട താഴെ പട്ടികയിൽ കൊടുത്ത ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനുള്ള ധനസഹായത്തിന്റെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെയും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. സമ്പൂർണ്ണ പാർപ്പിടം എന്ന ലക്ഷ്യം നിറവേറ്റപ്പെടുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി ധനസഹായം കൈപ്പറ്റിയതിനു ശേഷം പദ്ധതികൾ പൂർത്തിയാ ക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കുന്നത് പദ്ധതിപ്പണം പാഴായിപ്പോകുന്നതിന് സമമാണ്. ആയതിനാൽ നിലച്ചുപോയ ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഇതുവരെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയചെക്ക് നം/ തിയ്യതി | നല്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | പി. ചിരുത (എസ്.സി) | 90,000 | 118816/14.12.10 | 10,000 |
| 2 | പി.ബാലൻ (ജനറൽ) | 52,500 | 127626/23.3.2011 | 22,500 |

## 3-8 ആശ്രയ പദ്ധതി - അവലോകനം

2002-03 വർഷത്തിൽ ആരംഭിച്ച ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രൊജക്റ്റിൽ 41 പേർക്ക് വീട് നിർമ്മാണത്തിന് സ്ഥലം ആവശ്യമുള്ളവരായി ഉൾപ്പെടുത്തിയിട്ടുള്ളവരിൽ 20 പേർക്ക് മാത്രമാണ് വീട് നിർമ്മിച്ച് നല്കിയിട്ടുള്ളത്. വീട് നിർമ്മിക്കാൻ സ്ഥലം ആവശ്യമുള്ളവരായി

ഉൾപ്പെടുത്തിയിട്ടുള്ള 18 പേരിൽ 8 പേർക്ക് മാത്രമാണ് സ്ഥലം അനുവദിക്കുന്നതിനുള്ള ധനസഹായം അനുവദിച്ചിട്ടുള്ളത്. കുടിവെള്ളം ആവശ്യമുള്ളവരായി 36 പേരെ പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 06 പേർക്ക് കുടിവെള്ള സൗകര്യത്തിനായി കിണർ അനുവദിച്ചിട്ടുണ്ട്.

2002-03 ൽ ആരംഭിച്ച ആശ്രയ പദ്ധതി പുതിയ ആളുകളെ ഉൾപ്പെടുത്തി പുതുക്കുന്നതിന് 2010 ൽ ഉത്തരവായിട്ടുണ്ടെങ്കിലും കൂടാളി ഗ്രാമ പഞ്ചായത്തിലെ രണ്ടാം ഘട്ട ആശ്രയപദ്ധതി 2013-14 വർഷത്തിലാണ് 50 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പുതുക്കി റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നത്. പുതുക്കിയ റിപ്പോർട്ട് പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ ഇതേവരെ ആരംഭിച്ചിട്ടുമില്ല. മേൽ വസ്തുതകളിൽ നിന്നും പഞ്ചായത്തിലെ ആശ്രയപദ്ധതിയുടെ പ്രവർത്തനം ഫലപ്രദമല്ല എന്ന് വിലയിരുത്താവുന്നതാണ്. ജി.ഒ. (എം.എസ്) 362/2013/തസ്വഭവ/16.11.2013 ഖ 6.11.X.(3) പ്രകാരം ഒരു പ്രൊജക്റ്റ് അംഗീകരിച്ചു കഴിഞ്ഞാൽ അടുത്ത സാമ്പത്തികവർഷം തന്നെ നിർബന്ധമായും സ്പിൽ ഓവർ പ്രൊജക്റ്റായി പദ്ധതി പ്രവർത്തനം തുടരേണ്ടതാണ്. കൂടാതെ പ്രൊജക്റ്റ് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടോയെന്ന് ആശ്രയ വിലയിരുത്തൽ സമിതിയിൽ ആശ്രയ കുടുംബം ഉൾപ്പെടുന്ന അയൽക്കൂട്ടം വിവരം നൽകേണ്ടതും ആയതു സംബന്ധിച്ച് ഒരു രജിസ്റ്റർ അയൽക്കൂട്ടങ്ങൾ സൂക്ഷിക്കേണ്ടതുമാണ്.

## 3-9 സാമൂഹ്യ സുരക്ഷാ പദ്ധതികൾ - അവലോകനം

കൂടാളി ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം നടപ്പാക്കിയ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഓരോന്നിലും ലഭിച്ച അപേക്ഷകൾ, തീർപ്പാക്കിയവ, നിരസിച്ചവ എന്നീ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി | ലഭിച്ച അപേക്ഷകൾ | തീർപ്പാക്കിയവ | നിരസിച്ചവ | ആനുകൂല്യം ലഭിച്ച മൊത്തം അപേക്ഷകരുടെ എണ്ണം |
|---|---|---|---|---|---|
| 1 | വാർദ്ധക്യകാല | 410 | 410 | 23 | 1537 |

| | | | | | |
|---|---|---|---|---|---|
| | പെൻഷൻ | | | | |
| 2 | വിധവ പെൻഷൻ | 66 | 66 | 2 | 865 |
| 3 | വികലാംഗ പെൻഷൻ | 13 | 13 | ഇല്ല | 292 |
| 4 | അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 9 | ഇല്ല | 120 |
| 5 | കർഷകതൊഴിലാളി പെൻഷൻ | 18 | 18 | 4 | 752 |
| 6 | തൊഴിൽരഹിത വേതനം | 9 | 9 | 9 | 164 |
| 7 | വിവാഹധനസഹായം | 15 | 15 | 2 | 9 |

നിരസിക്കപ്പെട്ട അപേക്ഷകളിൻ മേൽ കാരണം രേഖപ്പെടുത്തുകയും അപേക്ഷകരെ അറിയിക്കുയും ചെയ്തിട്ടുണ്ട്.

<u>ക്ഷേമപെൻഷൻ രജിസ്റ്ററുകൾ സൂക്ഷിക്കുന്നത്</u>

വികലാംഗ പെൻഷൻ, വാർദ്ധക്യ പെൻഷൻ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, വികലാംഗ പെൻഷൻ എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷ, രജിസ്റ്റർ പ്രകാരം ലഭിച്ച അപേക്ഷകൾ അന്വേഷണത്തിനയച്ച തീയ്യതി, തിരികെ ലഭിച്ച തീയ്യതി, അപേക്ഷകളിന്മേൽ തീരുമാനം എടുത്ത തീയ്യതി എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപേക്ഷാ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -</u>

## അവലോകനം

(1) ഗ്രാമീണ മേഖലയിൽ തൊഴിൽ എടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള കുടുംബത്തിന് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനാണ് തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവല്കരിക്കപ്പെട്ടവരുമായ ആദിവാസികൾ, എസ്.സി, എസ്.ടി, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക സുരക്ഷിതത്വവും സാമൂഹിക പുരോഗതിയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(2) കൂടാളി ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം ഈ പദ്ധതിക്കായി ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം:

| മുന്നിരിപ്പ് | വരവ് | പലിശ | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 0 | 1,22,30,404 | 431 | 1,22,30,835 | 1,22,30,520 | 315 | 100% |

തൻവർഷത്തെ മൊത്തം ചെലവിന്റെ 3.85 ശതമാനം മാത്രമേ ഭരണച്ചെലവിനത്തിൽ ഉണ്ടായിട്ടുള്ളു.

(3) 2015-16 വാർഷിക പദ്ധതി പ്രകാരം 457 പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും 320 എണ്ണം (70 ശതമാനം) മാത്രമാണ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

(4) തൊഴിൽ ഉറപ്പ് പദ്ധതിയിലെ ജനപങ്കാളിത്തം സംബന്ധിച്ച കണക്കുകൾ ചുവടെ കൊടുക്കുന്നു.

(5) ആകെ 2791 കുടംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും 71 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്. പദ്ധതി വിഭാവനം ചെയ്യുന്ന പ്രധാന ലക്ഷ്യം നിറവേറ്റാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(6) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-05-2007-ലെ 23283/D.B/2/2007 നമ്പർ സർക്കുലർ

പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് പ്രത്യേക പൌരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

(7) തൊഴിലുറപ്പിൽ ജോലി ചെയ്യുന്ന ബി.പി.എൽ. കുടുംബങ്ങളെ മുഴുവൻ ആർ.എസ്.ബി.വൈ.യിൽ രജിസ്റ്റർ ചെയ്തിട്ടില്ല. പരാതി പരിഹാരാർത്ഥം ആഴ്ചയിലൊരു ദിനം തൊഴിലുറപ്പ് ദിനമായി ആചരിക്കുന്നില്ല. ഓഡിറ്റ് വർഷം ഒരു തവണ (25-04-2015) തൊഴിലുറപ്പ് ദിനമായി ആചരിച്ചിട്ടുണ്ട്.

(8) ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 3-11 പാലിയേറ്റീവ് പരിചരണം - അവലോകനം

കാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശരോഗികൾ, പക്ഷാഘാതം പോലുള്ള രോഗങ്ങളാൽ ശരീരം തളർന്ന കിടപ്പിലായവർ, ദീർഘകാല ചികിത്സ ആവശ്യമുള്ള പ്രമേഹ രോഗികൾ, വൃക്കകളുടെ പ്രവർത്തനം തകരാറിലായവർ, ദീർഘകാല മാനസിക രോഗമുള്ളവർ, പ്രായാധിക്യം കാരണം ബുദ്ധിമുട്ടനുഭവിക്കുന്നവർ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള സംഘടനകൾ എന്നീ മൂന്ന വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച കൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനാണ് പാലിയേറ്റീവ് പരിചരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

കൂടാളി ഗ്രാമപഞ്ചായത്ത് 26-12-2011 തീയതിയിലാണ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളായി 60 രോഗികളെ കണ്ടെത്തിയിട്ടുണ്ട്. ഓഡിറ്റ വർഷം രോഗികൾക്കാവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

കമ്മോഡ് ചെയർ = 20

ഫോൾഡിങ് വാക്കർ = 6

വാക്കിംഗ് സ്റ്റിക്ക് = 4

വാട്ടർബെഡ് = 1

വീൽചെയർ = 9

എയർബെഡ് = 6

എൽബോ ക്രച്ചസ് = 1

പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത രോഗികളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ഹോംകെയർ സംവിധാനത്തിലൂടെ ഓരോ മാസവും ബാത്ത്, കത്തീറ്ററൈസേഷൻ, ബെഡ്സോർ ഡ്രസ്സിങ്, എനിമ, രക്തസമ്മർദ്ദ പരിശോധന, പ്രമേഹ രോഗ പരിശോധന, നേത്ര-നഖപരിചരണം, ഔഷധങ്ങൾ നൽകൽ തുടങ്ങി വിവിധങ്ങളായ സേവനങ്ങൾ നൽകി വരുന്നുണ്ട്. തൻവർഷം 400 സ്ത്രീകളുൾപ്പെടെ 720 രോഗികൾക്ക് പാലിയേറ്റീവ് പരിചരണപദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിൽ 103 പേർ പരിചരണ കാലയളവിൽ മരണപ്പെട്ടിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണത്തിൽ സാമൂഹിക സംഘടനകൾ, മറ്റു സർക്കാരിതര സംഘടനകൾ, എന്നിവയുടെയൊന്നും സഹായങ്ങൾ ലഭിച്ചിട്ടില്ല. ആശ്രയകുടുംബങ്ങളിലെ രോഗികൾ മുഴുവനായും പാലിയേറ്റീവ് പരിചരണ പ്രോജക്ടിന്റെ രോഗികളുടെ ലിസ്റ്റിലുൾപ്പെട്ടിട്ടില്ല. ഹോംകെയർ ടീം പ്രതിദിനം എട്ടോ ഒൻപതോ രോഗികളെ സന്ദർശിക്കുന്നുണ്ട്. കൂടാളി ഹയർ സെക്കണ്ടറി സ്കൂൾ NSS യൂനിറ്റിന്റെ വക ഒരു വാട്ടർബെഡ് കിട്ടിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ മാത്രമെ അവലോകന യോഗങ്ങൾ നടത്താറുള്ളൂ. ഹോംകെയർ ടീമിന്റെ യാത്രാ ചെലവ് (വണ്ടിവാടക, ഭക്ഷണം, ഡ്രൈവറുടെ വേതനം, ആംബുലൻസ് മുതലായവ) ഇനത്തിൽ തൻവർഷം 1,33,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്മോഡ് ചെയർ, വാട്ടർബെഡ്, എയർബെഡ് എന്നീയുപകരണങ്ങൾ പാലിയേറ്റീവ് പരിചരണത്തിലുള്ള വർക്ക് വാങ്ങി നൽകിയിട്ടുണ്ട്. തൻവർഷം S0141/2016 (സാന്ത്വനപരിചരണം) എന്ന പ്രോജക്ടിനായി 4,56,830/- രൂപ വകയിരുത്തുകയും ആകെ 3,12,990/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## 3-12 ദുരിതാശ്വാസനിധി - അവലോകനം

കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ 2003 പ്രകാരം കുടാളി ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപവൽക്കരിച്ചിട്ടുണ്ട്. പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് (എസ്ബി അക്കൗണ്ട് നം.4666) പട്ടാന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കൊളോളം ശാഖയിൽ ആരംഭിക്കുകയും സംഭാവനയിലൂടെയും മറ്റുമായി നിധിയിലേക്ക് ധനം സമാഹരിക്കുകയും ചെയ്തിട്ടുണ്ട് .

2015-16 വർഷത്തെ ദുരിതാശ്വാസ നിധി കണക്കിന്റെ സംക്ഷിപ്ത വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 29,697 |
| വരവ് | ഇല്ല |
| പലിശ വരവ് | 1,188 |
| ആകെ | 30,885 |
| ചെലവ് | ഇല്ല |
| നീക്കിയിരിപ്പ് | 30,885 |

ദുരിതാശ്വാസ നിധി കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(i) 2009-ൽ ആരംഭിച്ച ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകളും മറ്റും വഴി തുക സമാഹരിക്കുന്നതിന് ആദ്യ വർഷങ്ങളിൽ സാധിച്ചിരുന്നുവെങ്കിലും പിന്നീട് ഇക്കാര്യത്തിൽ യാതൊരു ശ്രദ്ധയും കാണിച്ചിട്ടില്ല. 2011-12, 2013-14, 2014-15,15-16 വർഷങ്ങളിൽ ഒരു രൂപ പോലും സമാഹരിക്കാൻ കഴിഞ്ഞിട്ടില്ല .

(ii) നിധി ആരംഭിച്ചിട്ട് 7 വർഷം പിന്നിട്ടുവെങ്കിലും ഒരു വ്യക്തിക്കു പോലും ധനസഹായം നൽകാൻ നാളിതുവരെ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

(iii) മാറാവ്യാധികളും മറ്റും മൂലം ദുരിതമനുഭവിക്കുന്ന ധാരാളം വ്യക്തികൾ എവിടെയും ഉണ്ടെന്നിരിക്കെ ആനുകൂല്യത്തിനായുള്ള ഒറ്റ അപേക്ഷ പോലും ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല.

(iv) ദുരിതാശ്വാസ നിധിയുടെ കൈകാര്യവുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത രജിസ്റ്ററുകൾ നിയമ പ്രകാരം സൂക്ഷിക്കേണ്ടതുണ്ട്.

1. ക്യാഷ് ബുക്ക് - ചട്ടം 5(1)

2. ലഭിച്ച അപേക്ഷകൾ, അനുവദിച്ച ധനസഹായം എന്നിവരേഖപ്പെടുത്തിയ രജിസ്റ്റർ (ചട്ടം 5(2)

എന്നാൽ കൂടാളി ഗ്രാമപഞ്ചായത്തിൽ ഈ രജിസ്റ്ററുകൾ സൂക്ഷിച്ച് കാണുന്നില്ല എന്നത് ചട്ടലംഘനമായി കണക്കാക്കേണ്ടിയിരിക്കുന്നു. ഫണ്ട് ശേഖരണവും വിനിയോഗവും സുതാര്യവും കുറ്റമറ്റതുമാക്കാൻ ഭരണാധികാരികളുടെ പ്രത്യേക ശ്രദ്ധ പതിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ

ഇല്ല

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | | 1,36,775 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,36,775 | - |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | | 3,50,000 | ചുങ്ങോൻ അംഗൻവാടികെട്ടിട നിർമ്മാണം | 3,50,000 | - |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | |
|---|---|---|---|---|---|---|---|
| 2015-16 | കേരള ജല അതോറിറ്റി | 145/16, അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യ മൊരുക്കൽ | | 2,25,000 | - | പ്രവൃത്തി നടന്നു വരുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | -- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,74,600 |
| തൻവർഷം നിക്ഷേപിച്ച തുക | 34222 |
| ആകെ | 2,08,822 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,08,822 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| കാനറ ബാങ്ക്, പട്ടാന്നൂർ ബ്രാഞ്ച് (സ്ഥിരനിക്ഷേപം) | 2,08,822 | നം. SNSD 961596 |
| ആകെ | 2,08,822 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 ൽ ലഭിച്ച 12,806/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|---|
| 1 | 2012-13 | 2-1(1) | 5000 | മാനേജർ, കൂടാളി സർവ്വീസ് സഹ.ബാങ്ക് | 11501102520/11-12-2015 |
| 2 | 2012-13 | 3-8(1) | 771 | ആർ. രാമചന്ദ്രൻ | 11501102406,03-12-2015 |
| 3 | 2012-13 | 3-8(2) | 771 | ആർ. രാമചന്ദ്രൻ | 11501102406,03-12-2015 |
| 4 | 2012-13 | 3-8(3) | 1542 | ആർ. രാമചന്ദ്രൻ | 11501102406,03-12-2015 |
| 5 | 2012-13 | 3-8(4) | 1831 | കെ.പി. മുസ്തഫ | 11501100717,10-06-2015 |

| | | | | | |
|---|---|---|---|---|---|
| 6 | 2012-13 | 3-8(5) | 771 | കെ.പി. മുസ്തഫ | 11501100717,10-06-2015 |
| 7 | 2012-13 | 3-8(6) | 578 | അസ്കർ | 11501100718,10-06-2015 |
| 8 | 2012-13 | 3-8(7) | 1542 | കെ.പി.അബൂബക്കർ | 11501103512,15-01-2016 |
| ആകെ | | | 12806 | | |

## 4-8 ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | - | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | - | ആരോഗ്യ മേഖല | പരാമർശം നിലനിൽക്കുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം 2015-16

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 3,91,84,737 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 4,69,34,603 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,21,500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 6,000 | ശ്രീ എൻ. പ്രദീപൻ,<br>അസി.സെക്രട്ടറി |
| 3-3 | 15,500 | ശ്രീ വിനോദ്കുമാർ കെ.പി,<br>കൃഷി ഓഫീസർ |
| 3-4 | 1,00,000 | ശ്രീ സുനിൽരാജ് ആർ,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 1,21,500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

ഇല്ല

## 4-11 ഓഡിറ്റ് ഇംപാക്ട്

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽഎഫ്/കെഎൻആർ/സി9-795/15(1), തീയ്യതി 01-09-2015 | 1 |
| 2000-01 | എൽഎഫ്/കെഎൻആർ/സി9-795/15(2), തീയ്യതി 01-09-2015 | 1 |
| 2001-02 | എൽഎഫ്/കെഎൻആർ/സി9-795/15(3), തീയ്യതി 01-09-2015 | 1 |
| 2003-04 | എൽഎഫ്/കെഎൻആർ/സി9-795/15(4), തീയ്യതി 01-09-2015 | 8 |
| 2004-05 | എൽഎഫ്/കെഎൻആർ/സി9-795/15(5), തീയ്യതി 01-09-2015 | 8 |

| | | |
|---|---|---|
| 2005-06 | എൽഎഫ്/കെഎൻആർ/സി9-795/15(6), തീയ്യതി 01-09-2015 | 12 |
| 2006-07 | എൽഎഫ്/കെഎൻആർ/സി9-795/15(7), തീയ്യതി 01-09-2015 | 5 |
| 2007-08 | എൽഎഫ്/കെഎൻആർ/സി9-795/15(8), തീയ്യതി 01-09-2015 | 4 |
| 2008-09 | എൽഎഫ്/കെഎൻആർ/സി9-795/15(9), തീയ്യതി 01-09-2015 | 11 |
| 2009-10 | എൽഎഫ്/കെഎൻആർ/സി9-795/15(10), തീയ്യതി 01-09-2015 | 12 |
| 2010-11, 2011-12 | എൽഎഫ്/കെഎൻആർ/സി9-735/13, തീയ്യതി 01-09-2015 | 12 |
| 2012-13 | എൽഎഫ്/കെഎൻആർ/സി9-837/15, തീയ്യതി 03-08-2015 | 7 |
| 2013-14 2014-15 | എൽഎഫ്/കെഎൻആർ/സി9-1278/16, തീയ്യതി 22-07-2016 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

PVP

## അനുബന്ധം-1

# AUDIT CERTIFICATE

No.KSA/KNR/C9/1977/2016.

Kerala State Audit Department,
District Audit Office, Kannur,
Phone:04972707698
E-Mail:lfaddistofficeknr@gmail.com
Date : 06.01.2017.

Certified that I have audited the Annual Financial Statement of KOODALI GRAMAPANCHAYATH in KANNUR District for the year ended on 31.3.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of KOODALI GRAMAPANCHAYATH for the year 2015-16 except the observations in my Audit report properly presents the picture of income

and expenditure.

DEPUTY DIRECTOR,
KERALA STATE AUDIT DEPARTMENT

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്എ/കെഎൻആർ/സി.9/1977/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ,
ഫോൺ:04972707698,
ഇ-മെയിൽ:lfaddistoffice@gmail.com

തിയ്യതി : 06.01.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ചുവടെ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ്

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം -2

## ബാലൻസ് ഷീറ്റ്

Koodali Grama Panchayat As on 31 March 2016

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & Surplus | | |
| 310000000 | Panchayat Funds | B-1 | 4695156.63 |
| 311000000 | Earmarked Funds | B-2 | 30885.00 |
| 312000000 | Reserves | B-3 | 43697711.00 |
| | Total Reserve & Surplus | | 48423752.63 |

| | | | |
|---|---|---|---|
| Grants,Contributions for specific purposes | | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 910784.00 |
| Total Grants,Funds & Contributions for Specific Purposes | | | 910784.00 |
| Loans | | | |
| 33000000 | Secured loans | B-5 | 0.00 |
| | Total Loans | | 0.00 |
| Current Liabilities and Provisions | | | |
| 340000000 | Deposits Received | B-7 | 613932.00 |
| 350000000 | Other Liabilities | B-9 | 1273050.70 |
| Total Current Liabilities and Provisions | | | 1886982.70 |
| TOTAL LIABILIITIES | | | 51221519.33 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 49487840.00 |
| 411000000 | Accumulated Depreciation | B-11 | (17285839.00) |
| 412000000 | Capital Work In Progress | B-11(a) | 406100.00 |
| | Total Fixed Assets | | 32608101.00 |
| | Investments | | |

| | | | |
|---|---|---|---|
| 420000000 | Investments | B-12 | 208822.00 |
| | Total Investments | | 208822.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1344421.65 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 16894014.68 |
| 460000000 | Loans, Advances and Deposits | B-18 | 166160.00 |
| | Total Current Assets, Loans and Advances | | 18404596.33 |
| | Total Assets | | 51221519.33 |

# അനുബന്ധം -3

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Koodali Grama Panchayat

For the period from 01-April 2015 to 31 March 2016

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 4711556.00 |
| 130000000 | Rental Income from panchayath properties | 1-3 | 212934.00 |
| 140000000 | Fee &User charges | I-4(b) | 571185.00 |
| 150000000 | Sale &Hire Charges | I-5(b) | 553828.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 75202972.00 |

| | | | |
|---|---|---|---|
| | | | |
| 170000000 | Income from Investments | 1-7 | 34222.00 |
| 171000000 | Interest Earned | I-8 | 353517.00 |
| 180000000 | Other Income | I-9 | 13700.00 |
| A | Total Income | | 81653914.00 |
| Expenditure | | | |
| 210000000 | Establishment Expenses | I-10(b) | 6490649.00 |
| 220000000 | Administrative Expenses | I-11(b) | 796202..00 |
| 230000000 | Operations & Maintanance | I-12(b) | 1164721.00 |
| 240000000 | Interest & Finance Charges | I-13 | 419.00 |
| 250000000 | Decentralised Plan Programme – Productive Sector | I-14 | 11423169.00 |
| 2510000000 | Decentralised Plan Programme – Service Sector | I-14(a) | 17478007.00 |
| 2520000000 | Decentralised Plan Programme – Infrastructure Sector | I-14(b) | 1068928.00 |
| 253000000 | Decentralised Plan Programme – Projects not included in Sector Division | I-14(c) | 18000.00 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | 30364410.00 |

| | | | |
|---|---|---|---|
| | | | |
| 255000000 | Maintenance Projects | I-14(e) | 4152910.00 |
| 256000000 | Other Revenue Grants & Funds – Revenue Expenses | I-15(a) | 41200.00 |
| 270000000 | Provisions & Write off | I-16 | 2061.00 |
| 272000000 | Depreciation | I-17(a) | 10344519.00 |
| B | Total - Expenditure | | 83345195.00 |
| C=A-B | Gross Surplus/Deficit of Income over Expenditure | | (1691281.00) |
| D=280000000 | Prior period Item | I-18 | (15508.00) |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | (1675773.00) |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet (Panchayat Fund) | | |

# അനുബന്ധം -4

## റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Koodali Grama Panchayat

For the period from 01 April 2015 to 31 March 2016

| Code | Head Account | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 24383927.68 |
| | Cash | RP-40(a) | 259953.00 |
| | Receipts | | |

| | | | |
|---|---|---|---|
| Operating | | | |
| 110000000 | Tax Revenue | RP- 1 | 1261210.00 |
| 130000000 | Rental Income from Panchayat Properties | RP- 3 | 400.00 |
| 140000000 | Fees & User Charges | RP- 4 | 465674.00 |
| 150000000 | Sale & Hire Charges | RP- 5 | 544548.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP- 7 | 9269499.00 |
| 171000000 | Interest Earned | RP- 9 | 353517.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP- 31 | 20213889.00 |
| 350000000 | Other Liabilities | RP-36 | 2902936.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 13700.00 |
| 311000000 | Earmarked Funds | RP-29 | 1188.00 |
| 340000000 | Deposits Received | RP- 34 | 74010.00 |
| 350000000 | Other Liabilities | RP- 36 | 1184362.00 |
| 431000000 | Sundry Debtors (Receivable) | RP- 43 | 2897804.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP- 47 | 2000.00 |
| Grand Total | | | 63828617.68 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1619341.00 |
| 220000000 | Administrative Expenses | RP-12 | 79202.00 |
| 230000000 | Operatations & Maintanance | RP-13 | 1164721.00 |
| 250000000 | Decentralised Plan Programme – Productive Sector | RP-15 | 4174894.00 |
| 251000000 | Decentralised Plan Programme –Service Sector | RP-16 | 7372219.00 |
| 252000000 | Decentralised Plan Programme – Infrastructure Sector | RP-17 | 1025053.00 |
| 253000000 | Decentralised Plan programme – Projects not included in Sector | RP-18 | 18000.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 546520.00 |
| 255000000 | Maintanance Projects | RP-20 | 4152910.00 |

| | | | |
|---|---|---|---|
| 260000000 | Other Revene, Grants & Funds - Revenue Expenses | RP-21 | 41200.00 |
| 280000000 | Prior Period Item | RP-26 | -2698.00 |
| 350000000 | Other Liabilities | RP-36 | 6380061.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 419.00 |
| 280000000 | Prior Period Item | RP-26 | -12810.00 |
| 340000000 | Deposits Received | RP-34 | 45200.00 |
| 350000000 | Other Liabilities | RP-36 | 2438892.00 |
| 410000000 | Fixed Assets | RP-38 | 3483246.00 |
| 412000000 | Capital Work In Progress | RP-40 | 13525273.00 |
| 460000000 | Loans, Advances and Deposits | RP-47 | 165960.00 |
| Closing Balance | | | |
| | Bank | RP-40(b) | 16628156.68 |
| | Cash | RP-40(b) | 265858.00 |
| Grand Total | | | 63828617.68 |